പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

10 (*629)ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇത്തരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(സി) പുതിയ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) കഴിഞ്ഞ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിരുന്നു; അതിൽനിന്നും എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 1997-98/1998-99ൽ ആവിഷ്കരിച്ച "പുറംപോക്കു നിവാസികളുടെ പുനരധിവാസ പദ്ധതി" നിലവിലുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 24 പട്ടികവർഗ്ഗ കുടുംബങ്ങളെയും 1102 പട്ടികജാതി കുടുംബങ്ങളെയും പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പുതിയ സാമ്പത്തികവർഷത്തിൽ (2000-2001) ഇതിനായി പ്രത്യേക വിഹിതം മാറ്റിവച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വിഹിതത്തിൽനിന്നും തുക കണ്ടെത്താവുന്നതാണ്.

(ഡി) 1999-2000 വർഷത്തിൽ ഈ പദ്ധതിക്ക് പട്ടികജാതി കുടുംബങ്ങൾക്കായി 9 ജില്ലാ പഞ്ചായത്തുകൾക്കും 9 മുനിസിപ്പാലിറ്റികൾക്കും 150 ലക്ഷം രൂപായും, പട്ടിക വർഗ്ഗകുടുംബങ്ങൾക്കായി 7 ലക്ഷം രൂപായും വകയിരുത്തിയിട്ടുണ്ട്. ചെലവിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൺസ്യൂമർ കാർഡിൽ നിഷ്കർഷിച്ചിട്ടുള്ള സാമ്പത്തിക വിവരങ്ങൾ

11 (*630)ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly